## (14.) ചെങ്ങറ സെന്റ് പാട്രിക്ക് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പുരാതനകാലത്ത് ചെങ്ങറ ഒരു ജനവാസ കേന്ദ്രമായിരുന്നു. സമ്പൽ സമൃദ്ധമായ ഈ സ്ഥലം കൊള്ളക്കാർ ആക്രമിക്കുകയും പലരും മരിക്കുകയും ബാക്കിയുണ്ടായിരുന്നവർ ഇവിടെ നിന്നും പലായനം ചെയ്തെന്നുമാണ് ഐതീഹ്യം. അന്നവർ ഉപയോഗിച്ചിരുന്ന ആരാധനാലയങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും നമ്മുടെ പുരയിടങ്ങളിൽ അവിടവിടെ കാണാനും ഉണ്ട്. പിന്നീട് ഈ സ്ഥലം കാടുകയറി ഒരു വന്യജീവി സങ്കേതമായി മാറി. ഈ സ്ഥലം തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുന്നാൾ, രാജവംശത്തിൽപ്പെട്ട ചെങ്ങന്നൂർ വണിപ്പുഴ മഠത്തിനു കൊടുത്തു.

പിൽക്കാലത്ത് പലരും ഇവിടെ സ്ഥലം വാങ്ങി കൃഷിയോഗ്യമാക്കി. കൃഷിചെയ്യുന്നതിന് പല സ്ഥലത്തു നിന്നും ആളുകൾ ഇവിടെ വന്നു താമസമാക്കി. ഇവിടെ താമസമാക്കിയവരിൽ ചുരുക്കം ചിലർ റോമൻ കത്തോലിക്കരും ആയിരുന്നു. ഇവിടെ അവർക്ക് ആരാധനാലയങ്ങൾ ഒന്നും ഇല്ലായിരുന്നു.

1930 കാലയളവിൽ കേരളത്തിലെ ക്രിസ്തീയസമൂഹത്തിൽ ഒരു വലിയ മാറ്റമുണ്ടായി. 1653-ലെ കൂനൻ കുരിശു സത്യത്തോടെ ഒരു വിഭാഗം ആളുകൾ ആഗോളസഭയിൽ നിന്നും വേർപ്പെട്ടുപോയി. മാർ ഈവാനിയോസ് തിരുമേനി റോമുമായി നടത്തിയ സഭാഐക്യ ചർച്ചയുടെ ഫലമായി 1930 സെപ്റ്റംബർ 20 ന് പുനരൈക്യമുണ്ടായി. അങ്ങനെ മലങ്കര കത്തോലിക്കാ സഭയുണ്ടായി.

തിരുവല്ലാ താലൂക്കിൽ നിരണത്ത് താമസിച്ചിരുന്ന പനങ്ങോട്ടേത്ത് ഉമ്മച്ചൻ കത്തോലിക്കാ സഭയിൽ ചേരുകയും ചെങ്ങറയിൽ അദ്ദേഹത്തിന് ഉണ്ടായിരുന്ന സ്ഥലത്തിൽ നിന്നും ഒരേക്കർ സ്ഥലം 1933-ൽ ഒരു ദേവാലയം പണിത് ആരാധന നടത്തുന്നതിന് വേണ്ടി മാർ ഈവാനിയോസ് തിരുമേനിക്ക് ദാനമായി കൊടുക്കുകയും ചെയ്തു.

ഈ കാലയളവിൽ ചെങ്ങറയിൽ കുമ്പഴ തോട്ടത്തിൽ ജോലി നോക്കിയിരുന്ന പ്ലാന്തോട്ടത്തിൽ ശ്രീ. പി.ഇ. മത്തായി കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി. അദ്ദേഹത്തിന്റേയും കുമ്പഴ അച്ചന്റേയും ശാമുവേൽ ശങ്കരത്തിലച്ചന്റേയും മറ്റു കത്തോലിക്കാ വിശ്വാസികളുടെയും ശ്രമഫലമായി ചെങ്ങറയിൽ ഒരു ഓലഷെഡ് ഉണ്ടാക്കി ആരാധന നടത്തിവന്നു. 1951-ൽ ഈ സ്ഥലത്ത് തിരുവനന്തപുരം അതിരൂപതയിൽ നിന്നും ഒരു ദേവാലയം പണികഴിപ്പിച്ച് അന്നത്തെ സഹായമെത്രാനായിരുന്ന ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി വി.കൊച്ചുത്രേസ്യാ പുണ്യവതിയുടെ നാമത്തിൽ കൂദാശ ചെയ്തു. പ്രാരംഭകാലത്ത് ഈ ഇടവകയിൽ 15 വീട്ടുകാരുണ്ടായിരുന്നു. അംഗങ്ങളെ ചേർക്കുന്നതിന് ശാമുവേൽ ശങ്കരത്തിലച്ചൻ പരിശ്രമിച്ചു.

മാത്യു മാടപ്പള്ളിലച്ചന്റെ കാലത്ത് ഒരു കുരിശടിയുടെ ആവശ്യം ഇടവകാംഗങ്ങൾ ഉന്നയിക്കുകയും അതനുസരിച്ച് പനങ്ങോത്ത് ചേച്ചമ്മ പെരുമാളിന്റെ സ്ഥലത്ത് ഒരു കുരിശടി പണിയിച്ച് മാതാവിന്റെ നാമത്തിൽ ബനഡിക്ട് തിരുമേനി കുദാശ ചെയ്തു. തോമസ് നരിയാട്ടിലച്ചന്റെ കാലത്ത് പള്ളിയിലേക്കുള്ള വഴിയുടെ അസൗകര്യവും പള്ളിയുടെ സ്ഥലത്തെ സൗകര്യക്കുറവും കാരണം, പുതിയ സ്ഥലം വാങ്ങി ഒരു ദേവാലയം പണിയണമെന്നുള്ള ആഗ്രഹം ഇടവകാംഗങ്ങൾ പ്രകടിപ്പിച്ചു. അതനുസരിച്ച് അച്ചൻ അരമനയിൽ നിന്നും അനുവാദം വാങ്ങി അന്നത്തെ അസിസ്റ്റന്റ് വികാരി യോഹന്നാൻ മുളമൂട്ടിലച്ചന്റെ സഹകരണത്തോടെ, ഇടവകാംഗമായ ഇലവിനാൽ ശ്രീ. ജോസഫിൽ നിന്നും 20 സെന്റ് സ്ഥലം വിലയ്ക്കു വാങ്ങി. ഈ സ്ഥലത്ത് നെരിയാട്ടലച്ചൻ പള്ളിയുടെ പ്രാരംഭപണികൾ ആരംഭിച്ചു. തുടർന്നു വന്ന ജോസഫ് വടക്കേക്കൂറ്റച്ചൻ പള്ളിയുടെ പണികൾ പൂർത്തിയാക്കുകയും ചെയ്തു.

അയർലന്റുകാരി ആലീസ് മാക്മോഹൻ എന്ന മാന്യവനിത ഒരു ദേവാലയം പണിയാനുള്ള തുക തിരുമേനിയെ ഏൽപ്പിച്ചിരുന്നതും കൂടെ ചെങ്ങറ പള്ളി പണിക്ക് ഉപയോഗിച്ചു. തിരുവനന്തപുരം അതിഭദ്രാസനാധിപൻ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി 1984 ഫെബ്രുവരി 7-ാം തീയതി വി. പാട്രിക്കിന്റെ

നാമത്തിൽ കൂദാശ ചെയ്തു.

തോമസ് പുതുപറമ്പിലച്ചന്റെ കാലത്ത് പള്ളിക്ക് സ്ഥലം പോരായെന്നുള്ള ആവശ്യം ഇടവകാംഗങ്ങൾ ഉന്നയിച്ചു. അതനുസരിച്ച് തിരുവനന്തപുരം അരമനയിൽ നിന്നും അനുവാദം വാങ്ങി പള്ളി പുതുക്കി പണിത് 2005 ആഗസ്റ്റ് 28-ാം തീയതി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി കൂദാശ ചെയ്തു. ഈ ഇടവകയിൽ ആദ്യകാലത്ത് ലീജൻ ഓഫ് മേരി നടത്തിയിരുന്നു. ഇന്ന് ഈ ഇടവകയിൽ സൺഡേസ്കൾ എം.സി.വൈ.എം. മാതൃവേദി, പ്രാർത്ഥനായോഗം, വിൻസന്റ് ഡി പോൾ സൊസൈറ്റി എന്നീ സംഘടനകൾ സജീവമായി പ്രവർത്തിക്കുന്നു.

ആന്റോ കണ്ണംകുളത്തിലച്ചന്റേയും ജോർജ്ജ് താന്നിമൂട്ടിലച്ചന്റെയും (അജിയച്ചൻ) പട്ടംകൊട ശുശ്രൂഷ ഈ ഇടവകയിൽ വച്ച് നടത്തി. ഈ ഇടവകയിൽ നിന്നും ഇപ്പോൾ 5 വൈദീകരും 3 കന്യാസ്ത്രീകളും ദൈവസേവനം നത്തുന്നു.

**ഇവകയിൽ നിന്നുള്ള ദൈവവിളികൾ**

**വൈദികർ**

1. ഫാ. ജോസഫ് പുത്തൻകളം
2. ഫാ. ആന്റോ ജോസഫ് കണ്ണങ്കുളം
3. ഫാ. നോബിൾ ജോസഫ് കണ്ണങ്കുളം
4. ഫാ. തോമസ് താന്നിമൂട്ടിൽ
5. ഫാ. ജോൺ അച്ചുതപറമ്പിൽ

**സിസ്റ്റേഴ്സ്**

1. സി. ഷാരോൺ ഡി.എം.
2. സി. പൂർണിമ ഡി.എം.
3. സി. ചൈതന്യ ഡി.എം.

**ഈ ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ**

1. മേടയിലച്ചൻ (കുമ്പഴയച്ചൻ)
2. ശമുവേൽ ശങ്കരത്തിലച്ചൻ (മുന്തച്ചൻ)
3. ചരിവിലേത്തച്ചൻ
4. ആലിക്കുന്നേലച്ചൻ
5. ലൂക്കോസ് മാക്കീലച്ചൻ
6. ജോർജ്ജ് കുറ്റിയിലച്ചൻ (വൈദ്യനച്ചൻ)
7. മാത്യു പൊൻമേലിലച്ചൻ
8. ജോൺ കോന്നിയുരച്ചൻ
9. ഇലഞ്ഞിക്കലച്ചൻ

10. മാത്യു മാടപ്പള്ളിലച്ചൻ

11. ജോസഫ് തടത്തിലച്ചൻ

12. തോമസ് നരിയാട്ടിലച്ചൻ

13. യോഹന്നാൻ മുളമൂട്ടിലച്ചൻ

14. ജോസഫ് വടക്കേക്കൂറ്റച്ചൻ

15. ജയിംസ് പാറവിളയച്ചൻ

16. വറുഗീസ് പ്ലാവിളയച്ചൻ

17. തോമസ് പുതുപ്പറമ്പിലച്ചൻ

18. കോശി അയുനേത്തച്ചൻ

20. ചാക്കോ തടത്തിലച്ചൻ

21. ബിനോയി എഴിയത്തച്ചൻ

22. ഷീൻ തങ്കാലയം അച്ചൻ

23. ജോർജ്ജ് പുത്തൻവിള അച്ചൻ

24. മാത്യു നരിയാട്ടിൽ അച്ചൻ

25. ആന്റോ കണ്ണംകുളം അച്ചൻ

26. കോശി ചിറയത്ത് അച്ചൻ

27. ജോഷ്വാ മാവേലിൽ അച്ചൻ ഇപ്പോൾ വികാരിയായി തുടരുന്നു.

ഈ ഇടവകയുടെ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിച്ച എല്ലാവരേയും പ്രത്യേകിച്ച് കൊടുപ്പുന്നയിൽ ശ്രീ. മത്തായിയച്ചൻ, തൂമ്പുങ്കൽ ശ്രീ. തോമസ് വല്യമണ്ണിൽ, ശ്രീ.ശമുവേൽ എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു. ഈ ഇടവകയിൽ ശുശ്രൂഷ ചെയ്ത് ഭാഗ്യമരണം പ്രാപിച്ച എല്ലാ ബഹു. വൈദികരുടെയും, കർത്താവിൽ നിദ്ര പ്രാപിച്ച എല്ലാ ഇടവകാംഗങ്ങളുടെയും ആത്മശാന്തിയ്ക്കവേണ്ടി പ്രാർത്ഥിക്കുന്നു.

ഈ ഇടവകയിൽ ഇപ്പോൾ 51 കുടംബക്കാരുണ്ട്.